08/03/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/03/2025

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ മുഖേന ജൈവ കൃഷിക്കും ജൈവ ഉത്പന്നങ്ങൾക്കും നൂറു ശതമാനം സൗജന്യമായി സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പി.ജി.എസ് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നു. കർഷകർ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. പയർവർഗ വിള വ്യാപന പദ്ധതിക്ക് തുടക്കം എറണാകുളം ജില്ലാ പഞ്ചായത്ത് ജനകീയസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പയർ വർഗ വിള വ്യാപന പദ്ധതിയ്ക്ക് തുടക്കമായി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവഹിച്ചു. വാരപ്പെട്ടി കണ്ടോത്ത് പടിയിലുള്ള എൽദോസ് മഞ്ചേപ്പിള്ളിൽ എന്ന കർഷകന്റെ പാടത്ത് വിത്ത് വിതച്ചുകൊണ്ടായിരുന്നു ഉദ്ഘാടനം. പോഷക സമൃദ്ധി മിഷൻ്റെ ഭാഗമായി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 160 ഹെക്ടർ സ്ഥലത്തു മൂന്നാം വിളയായി പയർ വർഗ വിളകളുടെ ഉത്പാദനം വർധിപ്പിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

3. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൃശൂർ ജില്ലയിൽ അംശദായം സ്വീകരിക്കാൻ മാർച്ച് 6 മുതൽ 29 വരെ സിറ്റിങ് നടത്തും. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും നിലവിലുള്ള അംഗങ്ങളുടെ അംശദായം സ്വീകരിക്കുന്നതിനും വേണ്ടി ജില്ലാഓഫിസിൽനിന്ന് സിറ്റിങ് നടത്തും. അംശദായം അടയ്ക്കാനെത്തുന്നവർ ആധാർ, ബാങ്ക്പാസ്സ്ബുക്ക് എന്നിവ കരുതണം. പുതിയ അംഗത്വം ആവശ്യമുള്ളവർ ജില്ലാ ഓഫിസുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളുമായി എത്തണം. വിശദ വിവരത്തിന് ഫോൺ 0481 2585604.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷന് സെന്ററില് 35 ദിവസം പ്രായമായ BV 380 കോഴികുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് ₹165/- രൂപ (നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം).ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പർ : 0487 2370773 വിളിക്കേണ്ട സമയം : രാവിലെ 10 മണി മുതൽ 4 മണി വരെ.

5. കൊല്ലം @ 75 കൊല്ലം ജില്ലയുടെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പ്രദർശന വിപണന സേവന മേള 2025 മാർച്ച് 3 മുതൽ 10 വരെ, ആശ്രാമം മൈതാനം കൊല്ലത്ത് നടന്നുവരുന്നു. ഇതോടനുബന്ധിച്ച് കാഴ്ചകളുടെ വിസ്മയ മേള, കൊല്ലത്തിൻറെ ചരിത്ര പഥങ്ങളിലൂടെയുള്ള പ്രയാണം, പ്രദർശന വിപണന സ്റ്റാളുകൾ, പുസ്തകമേള, പുസ്തക ചർച്ച, കവിയരങ്ങ് എന്നിവയും വൈകിട്ട് 7 മണിക്ക് കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

6. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകൾ വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന് 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

7. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ സൂക്ഷ്മ ജലസേചനം നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളായ ഡ്രിപ്, സ്പ്രിങ്ക്ളർ, മൈക്രോ സ്പ്രിങ്ക്ളർ, റെയ്ൻ ഗൺ തുടങ്ങിയവ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ചെറുകിട കർഷകർക്ക് അനുവദനീയ ചെലവിന്റെ 55 ശതമാനവും മറ്റു കർഷകർക്ക് 45 ശതമാനവും സാമ്പത്തിക ആനുകൂല്യം ലഭിക്കും. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ കൃഷിക്ക് ആനുകൂല്യം ലഭിക്കും. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിൻ്റെ കോപ്പി, നികുതി രസീതി, ബാങ്ക് പാസ്ബുക്കിൻ്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലയിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കണം. ഫോൺ: 8606069173,9567748516.

8. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ജീനോം അനാലിസിസ് ലാബിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ബയോ ഇൻഫർമാറ്റിക്സ്/ കമ്പ്യൂട്ടേഷണൽ ബയോളജി ഇവയിലേതിലെങ്കിലും ഡോക്ടറൽ ബിരുദമുള്ളവരോ അല്ലെങ്കിൽ ബയോ ഇൻഫർമാറ്റിക്സ്/ ബയോസയൻസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ട്രാൻസ്ക്രിപ്റ്റോം, ഹോൾജീനോം, മെറ്റാജീനോം എന്നിവയിലേതിലെങ്കിലും എൻ.ജി.എസ്. (NGS) ഡേറ്റ അനാലിസിസിൽ പ്രമുഖ സ്ഥാപനത്തിൽ മൂന്നുവർഷത്തെ ഗവേഷണ പരിചയമുള്ളവരോ ആയിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01 - ന് 35 വയസ്സ് കഴിയാൻ പാടില്ല. താൽപര്യമുള്ളവർ യോഗ്യതകളുടെയും പ്രവർത്തിപരിചയത്തിന്റെയും കോപ്പികൾ സഹിതം അപേക്ഷകൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അസിസ്റ്റന്റ് സെക്രട്ടറി (റിസർച്ച്) യുടെ പേരിൽ 2025 മാർച്ച് 15- നു മുമ്പ് ലഭിക്കത്തക്കവണ്ണം ഇ മെയിൽ ചെയ്യുക. വിലാസം resadm@rubberboard.org.in കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക.

## പരിശീലന പരിപാടി

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ളവർക്ക് www.celkau.in

എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 മാർച്ച് 24, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി **2025 മാർച്ച് 23, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം